**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5587** **15-03-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ഭൂമിയിലെ കയ്യേറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വഖഫ് ഭൂമികളിലെ ഇരുന്നൂറ്റി അറുപത്തിയാറ് കൈയേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വഖഫ് ഭൂമികളിൽ തിരുവനന്തപുരം-4, കൊല്ലം-1, ആലപ്പുഴ-5, കോട്ടയം-2, ഇടുക്കി-1, എറണാകുളം-56, തൃശ്ശൂർ-24, പാലക്കാട്-3, മലപ്പുറം-21, കോഴിക്കോട്-54, കണ്ണൂർ-88, കാസർഗോഡ്-7 എന്നിങ്ങനെ 266 അനധികൃത കൈയ്യേറ്റങ്ങൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | കൈയേറ്റം നടത്തിയത് ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കയ്യേറ്റം നടത്തിയവരുടെ വിശദാംശങ്ങൾ വഖഫ് ബോർഡ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുവാൻ വഖഫ് ബോർഡിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | കൈയേറ്റ ഭൂമി ഒഴിപ്പിച്ചെടുക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അന്വേഷണ വിചാരണയിൽ വസ്തു വഖഫാണെന്നും കയ്യേറ്റം ഉണ്ടെന്നും കണ്ടെത്തിയാൽ ഒരു നിശ്ചിത സമയപരിധിക്കകം കയ്യേറ്റം ഒഴിയുന്നതിന് കയ്യേറ്റക്കാർക്ക് നിർദ്ദേശം നല്കുകയും അപ്രകാരം ഒഴിയാത്ത പക്ഷം വഖഫ് നിയമം വകുപ്പ് 54(3) പ്രകാരം വഖഫ് ട്രൈബ്യൂണൽ മുമ്പാകെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് അപേക്ഷ നൽകുകയും അപേക്ഷയിൽ ഉത്തരവാകുന്ന മുറയ്ക്ക് വഖഫ് നിയമം വകുപ്പ് 55 പ്രകാരം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് മുഖാന്തിരം വസ്തുവിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ് നടപടിക്രമം. |

സെക്ഷൻ ഓഫീസർ